ഭരണഭാഷ - മാതൃഭാഷ

D-5325/17

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്
മണ്ണാർക്കാട് ഡിവിഷൻ
ആരണ്യകം- മണ്ണാർക്കാട്-678582
ഫോൺ & ഫാക്സ് നമ്പർ : 04924 222574
ഇ മെയിൽ dfo.mnkd.for@kerala.gov.in
തിയതി 16/06/2021

പ്രേഷകൻ

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
മണ്ണാർക്കാട്

സ്വീകർത്താവ്

ചെയർപേഴ്സൺ
പാലക്കാട് സ്മോൾ ഹൈഡ്രോ കമ്പനി ലിമിറ്റഡ് &
പ്രസിഡന്റ്
പാലക്കാട് ജില്ലാ പഞ്ചായത്ത്.

സർ,

വിഷയം : മീൻവല്ലം 40KW മൈക്രോ ഹൈഡൽ പദ്ധതിക്കായി 0.009 ഹെക്ടർ വനഭൂമി നൽകുന്നതിനായി സമർപ്പിച്ച അപേക്ഷ - സംബന്ധിച്ച്

സൂചന :
1. ആ ഓഫീസിലെ 17.06.2017 ലെ PSHC/tailrace project/Forest/1332/09-10 നമ്പർ കത്ത്.
2. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്(ഫോറസ്റ്റ് മാനേജ്മെന്റ്) & നോഡൽ ഓഫീസർ എഫ്.സി. ആക്ട്, തിരുവനന്തപുരം അവർകളുടെ 22.04.2021 ലെ FC1-6527/2017 നമ്പർ കത്ത്.

മേൽ വിഷയത്തിലേക്കും സൂചന(1) ലേക്കും ശ്രദ്ധ ക്ഷണിക്കുന്നു. മീൻവല്ലം മൈക്രോ ഹൈഡ്രോ ഇലക്ട്രിക്ക് പ്രൊജക്ടിനായി 1.15 ഹെക്ടർ വനഭൂമി കൈമാറുന്നതിന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം അംഗികാരം നൽകിയിട്ടുള്ളതും അപ്രകാരം വിട്ടു നൽകിയിട്ടുള്ള വനഭൂമിയുടെ പാട്ടകാലാവധി 2034 ൽ അവസാനിക്കുന്നതുമാണ്.

നിലവിൽ അനുമതി നൽകിയ 1.15 ഹെക്ടർ വനഭൂമിയുടെ കൂടെ 0.009 ഹെക്ടർ വനഭൂമി കൂടി ആവശ്യപ്പെട്ടു കൊണ്ടാണ് പുതിയ പ്രൊപ്പോസൽ സൂചന(1) പ്രകാരം സമർപ്പിച്ചിട്ടുള്ളത്. എന്നാൽ പുതിയ പ്രൊപ്പോസൽ വഴി നിലവിൽ അംഗീകാരം ലഭ്യമായിട്ടുള്ള പ്രൊപ്പോസലിലെ വനവിസ്തൃതിയിൽ വ്യതിയാനം വരുന്നതുകൊണ്ട് പുതിയ പ്രൊപ്പോസൽ തന്നെയായി പരിഗണിക്കുവാൻ സാധിക്കുന്നതല്ല എന്ന് സൂചന(2) പ്രകാരം അറിയിച്ചിട്ടുണ്ട്. കൂടാതെ യൂസർ ഏജൻസിക്ക് ആവശ്യമുള്ള പക്ഷം ഇരു പ്രൊപ്പോസലുകളും കൂട്ടിച്ചേർത്ത് കൊണ്ട് ഒറ്റ പ്രൊപ്പോസലായി അപേക്ഷ സമർപ്പിക്കാവുന്നതാണെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
മണ്ണാർക്കാട്

പകർപ്പ്: ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, ഈസ്റ്റേൺ സർക്കിൾ, പാലക്കാട് അവർകളുടെ അറിവിലേക്കായി സമർപ്പിക്കുന്നു. (സൂചന 08/06/2021-ലെ ബി31192/2020 നമ്പർ കത്ത്.

E:\RAJEEV\2021\D\D-5325-17 Chairperson.doc

Scanned with CamScanner